എ.വൈ.ആർ

അനുഗ്രഹങ്ങളുടെ പേരിൽ അനുഗ്രഹദാതാവായ അല്ലാഹുവിനെ സ്തുതിക്കുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നതിന്റെ ഗുണം മനുഷ്യനു തന്നെയാണ്. അനുഗ്രഹങ്ങളനുഭവിക്കുമ്പോൾ അതിന്റെ ദാതാവിനോട് നന്ദിയുള്ളവരായിരിക്കുക എന്നത് മാനുഷിക ധർമവും കടമയുമാകുന്നു. അനുഗ്രഹദാതാവിനോട് നന്ദികേട് കാണിക്കുന്നത് കടുത്ത അധർമവും മനുഷ്യത്വവിരുദ്ധവുമാകുന്നു.



---

قَالَ الَّذِي عِندَهُ عِلْمٌ مِّنَ الْكِتَابِ أَنَا آتِيكَ بِهِ قَبْلَ أَن يَرْتَدَّ
إِلَيْكَ طَرْفُكَ فَلَمَّا رَآهُ مُسْتَقِرًّا عِندَهُ قَالَ هَٰذَا مِن فَضْلِ رَبِّي
لِيَبْلُوَنِي أَأَشْكُرُ أَمْ أَكْفُرُ وَمَن شَكَرَ فَإِنَّمَا يَشْكُرُ لِنَفْسِهِ وَمَن
كَفَرَ فَإِنَّ رَبِّي غَنِيٌّ كَرِيمٌ ﴿٤٠﴾

40. വേദജ്ഞൻ ബോധിപ്പിച്ചു: അങ്ങ് ഇമവെട്ടും മുമ്പ് ഞാനതുകൊണ്ടുവന്നുതരാം. ആ സിംഹാസനം മുന്നിൽ സ്ഥാപിതമായി കണ്ടപ്പോൾ സുലൈമാൻ പ്രാർഥിച്ചു: ഇത് എന്റെ വിധാതാവിന്റെ അനുഗ്രഹമാകുന്നു; ഞാൻ നന്ദിയുള്ളവനാകുന്നുവോ, അതല്ല നന്ദികെട്ടവനാകുന്നുവോ എന്ന് പരീക്ഷിക്കാൻ. ദൈവത്തോടു നന്ദിയുള്ളവനാകുന്നവൻ നന്ദിയുള്ളവനാകുന്നതു തനിക്കു വേണ്ടി തന്നെയാകുന്നു. വല്ലവനും നന്ദികെട്ടവനായെങ്കിൽ എന്റെ നാഥൻ തന്നിൽതന്നെ എല്ലാം തികഞ്ഞ മഹനീയനാകുന്നു.

**40**

قَالَ الَّذِي عِندَهُ عِلْمٌ مِّنَ الْكِتَابِ = ഗ്രന്ഥത്തിൽനിന്ന് ജ്ഞാനം കൈവശമുള്ളവൻ (വേദജ്ഞൻ) പറഞ്ഞു

أَنَا آتِيكَ بِهِ= ഞാനത് അങ്ങേക്ക് കൊണ്ടുവരാം (വന്നു തരാം)

قَبْلَ أَن يَرْتَدَّ إِلَيْكَ طَرْفُكَ= നിന്റെ കണ്ണ് നിന്നിലേക്ക് മടങ്ങുന്നതിനു മുമ്പ് (അങ്ങ് ഇമവെട്ടും മുമ്പായി)

فَلَمَّا رَآهُ مُسْتَقِرًّا عِندَهُ= അത് തന്റെയടുക്കൽ നിലനിന്നതായി (മുന്നിൽ സ്ഥാപിതമായതായി) അദ്ദേഹം കണ്ടപ്പോൾ

قَالَ = അദ്ദേഹം പറഞ്ഞു (സുലൈമാൻ പ്രാർഥിച്ചു) هَٰذَا مِن فَضْلِ رَبِّي = ഇത് എന്റെ വിധാതാവിന്റെ അനുഗ്രഹമാകുന്നു

لِيَبْلُوَنِي = അവൻ എന്നെ പരീക്ഷിക്കാൻ

أَأَشْكُرُ أَمْ أَكْفُرُ = ഞാൻ നന്ദിയുള്ളനാകുന്നുവോ, അതല്ല നന്ദികെട്ടവനാകുന്നുവോ എന്ന്

وَمَن شَكَرَ = (ദൈവത്തോട്) നന്ദിയുള്ളവനാകുന്നവൻ

فَإِنَّمَا يَشْكُرُ لِنَفْسِهِ= നന്ദിയുള്ളവനാകുന്നത് തനിക്കു വേണ്ടി തന്നെയാകുന്നു

وَمَن كَفَرَ = വല്ലവനും നന്ദികെട്ടവനായെങ്കിൽ

فَإِنَّ رَبِّي غَنِيٌّ كَرِيمٌ = എന്റെ വിധാതാവ് തന്നിൽ തന്നെ എല്ലാം തികഞ്ഞവനും മഹനീയനുമാകുന്നു

ഭീകര ജിന്നിനെ വെല്ലുവിളിച്ചുകൊണ്ട് ഒരു വേദജ്ഞൻ പ്രസ്താവിച്ചു: അങ്ങ് കണ്ണടച്ചു തുറക്കും മുമ്പ് ഞാനതിവിടെ എത്തിക്കാം. قَبْلَ أَن يَرْتَدَّ إِلَيْكَ طَرْفُكَ എന്നാണ് മൂലവാക്ക്. നിന്റെ കണ്ണ് നിന്നിലേക്ക് മടങ്ങുന്നതിനു മുമ്പ് എന്നാണ് പദാനുപദ തർജമ. ഒരു വസ്തുവിലേക്കുള്ള നോട്ടം പിൻവലിച്ച് കൺമണി യഥാസ്ഥാനത്തേക്ക് മടങ്ങുകയാണ് ഉദ്ദേശ്യം. കണ്ണു ചിമ്മിത്തുറക്കുക, ഇമവെട്ടുക തുടങ്ങിയ ആശയങ്ങളിലുള്ള ഒരു പ്രയോഗമാണ് ارتداد الطرف . അയാൾ പറയുക മാത്രമല്ല ഉടനെ പ്രവർത്തിക്കുകയും ചെയ്തു. ഇയാൾ ആരായിരുന്നു? വേദത്തിൽനിന്നുള്ള ജ്ഞാനം കൈവശമുള്ളവൻ - الَّذِي عِندَهُ عِلْمٌ مِّنَ الْكِتَابِ എന്നാണ് സൂക്തം അയാളെ പരി

ചയപ്പെടുത്തുന്നത്. അദ്ദേഹം ഒരു മലക്കായിരുന്നുവെന്നും മറ്റൊരു ജിന്നായിരുന്നുവെന്നും ഖളിർ ആയിരുന്നുവെന്നും അതൊന്നുമല്ല അസ്വഫു ബ്നു ബർഖിയാഹ് എന്ന മഹാ ജ്ഞാനിയായ മനുഷ്യനായിരുന്നുവെന്നും, ആൾ സുലൈമാൻ നബി തന്നെയായിരുന്നുവെന്നുമൊക്കെ നിരവധി വ്യത്യസ്ത പ്രസ്താവങ്ങളുണ്ട്. അതിനൊന്നും പ്രബലമായ തെളിവുകളില്ല. വേദം -الْكِتَابِ- കൊണ്ടുദ്ദേശ്യം അല്ലാഹുവിങ്കലുള്ള അനാദിയും അനന്തവും പ്രപഞ്ച രഹസ്യമഖിലം ഉൾക്കൊള്ളുന്നതുമായ സുരക്ഷിത ഫലകം -اللوح المحفوظ- ആണെന്നു ചിലർ പറയുന്നു. അതു ശരിയാണെങ്കിൽ ആൾ മലക്കാവാനാണ് സാധ്യത. സുലൈമാൻ നബിക്കും ദാവൂദ് നബിക്കും അല്ലാഹു ജ്ഞാനമരുളിയിട്ടുണ്ടായിരുന്നു എന്നു പറഞ്ഞുകൊണ്ടാണല്ലോ ഈ പ്രഭാഷണം ആരംഭിക്കുന്നത്. അത് പ്രവാചകന്മാർക്കും അല്ലാത്തവർക്കും സാമാന്യമായി നൽകുന്ന ജ്ഞാനമായിരിക്കുകയില്ലല്ലോ. ആയിരുന്നുവെങ്കിൽ ഈ രണ്ടു പേർക്കു നൽകിയത് പ്രത്യേകം എടുത്തുപറയുന്നതിന് പ്രസക്തിയില്ല. അവർക്ക് ലഭിച്ചത് സവിശേഷമായ ചില ജ്ഞാനങ്ങളാണ്. നാം പക്ഷിഭാഷ പഠിപ്പിക്കപ്പെട്ടിരിക്കുന്നു -عُلِّمنا منطقَ الطير- എന്ന സുലൈമാൻ നബിയുടെ പ്രസ്താവന അതിനെ സാധൂകരിക്കുന്നു. ഇവിടെ പരാമർശിക്കപ്പെട്ട 'വേദജ്ഞാനി' സുലൈമാൻ നബി തന്നെയാണെന്ന വീക്ഷണത്തെ ന്യായീകരിക്കുന്നതാണീ വസ്തുതകൾ.

പ്രവാചകന്മാർ പ്രത്യക്ഷപ്പെടുത്തുന്ന അമാനുഷ ദൃഷ്ടാന്തം -معجزة- ഭൗതികമായ വിശകലനത്തിന് വഴങ്ങുന്നതല്ല. അത് പലപ്പോഴും സംഭവിക്കുന്നത് സ്ഥലകാലാപേക്ഷിതമായിട്ടായിരിക്കുകയില്ല. സ്ഥലകാലാതീതമായ പ്രതിഭാസങ്ങളിൽ ദൂരത്തിനും സമയത്തിനും സ്ഥാനമില്ല. യഥാർഥത്തിൽ ദൂരത്തെയും കാലത്തെയും അതിവർത്തിച്ച് സംഭവിച്ചു എന്നതുതന്നെയാണ് മാരിബിലെ സിംഹാസനം ജറൂസലമിൽ പ്രത്യക്ഷപ്പെട്ടതിലെ ദൃഷ്ടാന്തം. ദൂരത്തെയും സമയത്തെയും അപ്രസക്തമാക്കിക്കൊണ്ട് ദൃശ്യവും ശബ്ദവും അകലങ്ങളിലെത്തിക്കുന്നതിൽ ആധുനിക ശാസ്ത്രം വൻവിജയം നേടിക്കഴിഞ്ഞിരിക്കുകയാണല്ലോ. വാഷിംഗ്ടണിൽ പുറപ്പെടുവിക്കുന്ന ശബ്ദവും പ്രത്യക്ഷപ്പെടുന്ന വസ്തുവിന്റെ രൂപദൃശ്യവും കേരളത്തിലെ കുഗ്രാമങ്ങളിലിരുന്ന് തത്സമയം കാണാൻ നമുക്കു കഴിയുന്നു. ദൈവം നൽകിയ സവിശേഷ സിദ്ധിയിലൂടെ സുലൈമാൻ നബി അകലത്തുള്ള വസ്തുവിനെത്തന്നെ മുന്നിൽ പ്രത്യക്ഷപ്പെടുത്തുകയായിരുന്നു. അതിന്റെ മാധ്യമം മലക്കായിരുന്നുവോ ജിന്നായിരുന്നുവോ മറ്റു മനുഷ്യേതര സൃഷ്ടിയായിരുന്നുവോ താൻ തന്നെ ആയിരുന്നുവോ എന്നത് പ്രസക്തമല്ല. ആരായിരുന്നാലും ആത്യന്തികമായി അത് അല്ലാഹു സുലൈമാൻ നബിക്കു നൽകിയ അതിമാനുഷ സിദ്ധിയായിരുന്നു. അതുകൊണ്ട് ആ സിംഹാസനം മുന്നിൽ പ്രതിഷ്ഠിതമായപ്പോൾ അദ്ദേഹം ആ സിദ്ധി പ്രദാനം ചെയ്ത അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടു പറഞ്ഞു: ഇത് എന്റെ നാഥന്റെ അനുഗ്രഹമാണ്. ഈ അനുഗ്രഹത്തിലൂടെ അവൻ എന്നെ പരീക്ഷിക്കുകയാണ്. ഞാൻ ഈ മഹാനുഗ്രഹം അനുഭവിച്ച് അവനോട് നന്ദിയും വിധേയത്വവും പ്രകടിപ്പിക്കുന്നുവോ, അതല്ല ഇതെല്ലാം എന്റെ കഴിവാണെന്നഹങ്കരിച്ച് നന്ദികെട്ട ധിക്കാരിയാകുന്നുവോ എന്നാണവൻ പരീക്ഷിക്കുന്നത്. ഇവിടെ ഈ മഹാത്ഭുതം സാധ്യമാക്കിയത് ഏതെങ്കിലും വേദജ്ഞനാണെന്ന് സുലൈമാൻ നബി പറയുന്നില്ല. ഇത്രയും ഗംഭീരമായ ഒരത്ഭുതം സാധിച്ചത് മറ്റൊരാളായിരുന്നുവെങ്കിൽ സുലൈമാൻ നബിയെപ്പോലൊരാൾ അയാളെ ഒട്ടും അനുസ്മരിക്കാതിരിക്കുമോ? ദൈവഹിതത്താൽ അദ്ദേഹം തന്നെയാണീ മഹാത്ഭുതം സാധിച്ചതെന്ന നിഗമനത്തെ ബലപ്പെടുത്തുന്നതാണിതും.

وَمَن شَكَرَ ......غَنِيٌّ كَرِيمٌ എന്ന വാക്യം വലിയൊരു ജീവിതതത്ത്വമാണ്. മനുഷ്യൻ തനിക്കു ലഭിച്ച ദൈവാനുഗ്രഹത്തിന് അല്ലാഹുവിനോട് നന്ദിയുള്ളവനായിരിക്കണമെന്നാവശ്യപ്പെടുന്നത് മനുഷ്യന്റെ നന്ദിപ്രകടനം കൊണ്ട് അല്ലാഹുവിന് വല്ല ഗുണവും സിദ്ധിക്കുന്നതുകൊണ്ടല്ല. നന്ദികേട് കാണിക്കരുതെന്ന് പറയുന്നത് അതുകൊണ്ട് അവന് വല്ല ദോഷവും ഭവിക്കുന്നതുകൊണ്ടുമല്ല. അല്ലാഹുവിന്റെ കഴിവുകൾ സദാ സജീവവും സക്രിയവുമായിരിക്കാൻ അടിമകളുടെ നന്ദിവാക്കുകളുടെയോ സ്തുതിഗീതങ്ങളുടെയോ പ്രചോദനം വേണ്ട. അടിമകളുടെ നന്ദികേടിൽ മനം മടുത്ത് അവൻ നിരുത്സാഹിയാവുകയോ അവന്റെ കഴിവുകൾ നിസ്തേജമാവുകയോ ചെയ്യുന്നുമില്ല. അവൻ തന്നിൽതന്നെ എല്ലാം തികഞ്ഞവനാണ്. സർവ സൃഷ്ടികളുടെയും സർവവിധ സഹായത്തിനും അതീതനാണവൻ. അല്ലാഹുവിനെ ഉദ്ധരിച്ചുകൊണ്ട് നബി(സ) പ്രസ്താവിച്ചതായി സ്വഹീഹ് മുസ്‌ലിം നിവേദനം ചെയ്യുന്നു: 'അത്യുന്നതനായ അല്ലാഹു ഉദ്ബോധിപ്പിക്കുന്നു: എന്റെ ദാസന്മാരേ, നിങ്ങളിലെ ആദിമരും അന്തിമരും മനുഷ്യരും ജിന്നുകളുമെല്ലാം നിങ്ങളിലേറ്റം ഭക്തിനിർഭരമായ ഹൃദയമുള്ള വ്യക്തിയുടെ അവസ്ഥയിലാവുകയാണെങ്കിൽ അത് എന്റെ അധികാരത്തെ തരിമ്പും പോഷിപ്പിക്കുകയില്ല. എന്റെ ദാസന്മാരേ, നിങ്ങളിലെ ആദിമരും അന്തിമരും മനുഷ്യരും ജിന്നുകളുമെല്ലാം നിങ്ങളിലേറ്റം പാപപങ്കില ഹൃദയമുള്ള വ്യക്തിയുടെ അവസ്ഥയിലായാൽ അത് എന്റെ അധികാരത്തിൽ തരിമ്പും ഹനിക്കുകയുമില്ല. പ്രശ്നം നിങ്ങളുടെ കർമങ്ങളുടേത് മാത്രമാകുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അതു തിട്ടപ്പെടുത്തിവെക്കുന്നു. പിന്നെ ഞാൻ തന്നെ അതിന്റെ ഫലം പൂർത്തീകരിച്ചുതരുന്നു. അപ്പോൾ നന്മ ലഭിക്കുന്നവൻ എന്നെ സ്തുതിച്ചുകൊള്ളട്ടെ. നന്മയല്ലാത്തതു ലഭിക്കുന്നവൻ തന്നെത്തന്നെ ആക്ഷേപിക്കട്ടെ.' മൂസാ നബി ശിഷ്യന്മാരെ ഉപദേശിച്ചതായി ഖുർആൻ ഉദ്ധരിക്കുന്നു: إِن تَكْفُرُوا أَنتُمْ وَمَن فِي الْأَرْضِ جَمِيعًا فَإِنَّ اللَّهَ لَغَنِيٌّ حَمِيدٌ (നിങ്ങളും ഭൂമിയിലുള്ളവരഖിലവും സത്യ ദൈവത്തെ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു തന്നിൽ തന്നെ എല്ലാം തികഞ്ഞ പരമസ്തുതീയനാകുന്നു -14:8).

അനുഗ്രഹങ്ങളുടെ പേരിൽ അനുഗ്രഹദാതാവായ അല്ലാഹുവിനെ സ്തുതിക്കുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നതിന്റെ ഗുണം മനുഷ്യനു തന്നെയാണ്. അനുഗ്രഹങ്ങളനുഭവിക്കുമ്പോൾ അതിന്റെ ദാതാവിനോട് നന്ദിയുള്ളവരായിരിക്കുക എന്നത് മാനുഷിക ധർമവും കടമയുമാകുന്നു. അനുഗ്രഹദാതാവിനോട് നന്ദികേട് കാണിക്കുന്നത് കടുത്ത അധർമവും മനുഷ്യത്വവിരുദ്ധവുമാകുന്നു. നന്ദി കാണിക്കുകയും നന്ദികേടിൽനിന്ന് മാറിനിൽക്കുകയും ചെയ്യുമ്പോൾ ജീവിതം സത്യത്തിലും ധർമത്തിലും അധിഷ്ഠിതമാകുന്നു. മറിച്ചാകുമ്പോൾ ജീവിതം അസത്യജഡിലവും അധാർമികവുമാകുന്നു. ഇതാണ് ദൈവത്തോട് പ്രകടിപ്പിക്കുന്ന നന്ദി മനുഷ്യന് ഗുണ

കരമാകുന്നതിന്റെ ഒരു രൂപം. വൻതോതിൽ ഔദാര്യം ചെയ്തുതന്ന് നിങ്ങളുടെ ജീവിതം സുഖകരമാക്കിയ ഒരാൾ. നിങ്ങൾ അയാളെ അവഗണിച്ച് തള്ളിപ്പറഞ്ഞുകൊണ്ട് അയാൾ ചെയ്തുതന്ന ഔദാര്യങ്ങളെല്ലാം അതിൽ യാതൊരു പങ്കുമില്ലാത്ത മറ്റൊരാളിൽ ആരോപിച്ച് അയാൾക്കു നന്ദിയും വിധേയത്വവും അർപ്പിക്കുന്നുവെന്ന് വെക്കുക. എങ്കിൽ അതെന്തുമാത്രം നികൃഷ്ടമായ കൃതഘ്നതയായിരിക്കും? നിങ്ങളുടെ അനുഗ്രഹദാതാവിന് അതുകൊണ്ട് കുഴപ്പമൊന്നുമുണ്ടാകുന്നില്ല. പക്ഷേ, നിങ്ങളുടെ ജീവിതം അസത്യത്തിന്റെയും അധർമത്തിന്റെയും പടുകുഴിയിൽ പതിക്കുന്നു. അനുഗ്രഹദാതാവ് അല്ലാഹുവും അനുഗ്രഹഭോക്താവ് അടിമയുമാകുമ്പോൾ ഈ കൃതഘ്നത കണക്കാക്കാനാവാത്ത വിധം നികൃഷ്ടവും ഭീകരവുമാകുന്നു.

നന്ദിയുള്ളവർക്ക് അല്ലാഹു അനുഗ്രഹങ്ങൾ വർധിപ്പിച്ചുകൊണ്ടിരിക്കുമെന്നതാണ് രണ്ടാമത്തെ രൂപം. അടിമയുടെ നന്ദികൊണ്ട് അല്ലാഹുവിന് എന്തെങ്കിലും ഉപകാരമുണ്ടായതിനുള്ള പ്രത്യുപകാരമല്ല അത്. മറിച്ച് കൂടുതൽ ദൈവാനുഗ്രഹത്തിന് താൻ അർഹനാണെന്ന് നന്ദി നിറഞ്ഞ മനസ്സുകൊണ്ട് അടിമ തെളിയിക്കുമ്പോൾ ആ അർഹതയെ അല്ലാഹു മാനിക്കുകയാണ്. എന്നാൽ നന്ദികേടു കാരണമായി അവൻ അടിമകൾക്കുള്ള ഔദാര്യങ്ങൾ ഭൗതിക ലോകത്ത് പൂർണമായി പിൻവലിക്കുകയില്ല. ദുഷ്ട ജനത്തിന് അവരർഹിക്കുന്ന കർമഫലം നൽകാനാണത്. مَّنْ عَمِلَ صَالِحًا فَلِنَفْسِهِ ۖ وَمَنْ أَسَاءَ فَعَلَيْهَا ۗ وَمَا رَبُّكَ بِظَلَّامٍ لِّلْعَبِيدِ (സൽക്കർമം ചെയ്യുന്നവൻ അതു ചെയ്യുന്നത് അവനു വേണ്ടിത്തന്നെയാകുന്നു. തിന്മ ചെയ്യുന്നതിന്റെ ദോഷവും അവനു തന്നെ. നിന്റെ നാഥൻ ദാസന്മാരോട് അതിക്രമം ചെയ്യുന്നവനല്ല തന്നെ' -41:46). ■

---

قَالَ نَكِّرُوا لَهَا عَرْشَهَا نَنظُرْ أَتَهْتَدِي أَمْ تَكُونُ مِنَ الَّذِينَ لَا يَهْتَدُونَ ﴿٤١﴾

41. സുലൈമാൻ സേവകരോടു കൽപിച്ചു: രാജ്ഞിയുടെ സിംഹാസനം അവർക്കു പ്രച്ഛന്നമാക്കി വെക്കുക. അവരതു തിരിച്ചറിയുമോ അതല്ല തിരിച്ചറിയാത്തവരുടെ കൂട്ടത്തിലാകുമോ എന്നു നോക്കാം.

فَلَمَّا جَاءَتْ قِيلَ أَهَٰكَذَا عَرْشُكِ ۖ قَالَتْ كَأَنَّهُ هُوَ ۚ وَأُوتِينَا الْعِلْمَ مِن قَبْلِهَا وَكُنَّا مُسْلِمِينَ ﴿٤٢﴾

42. രാജ്ഞി സമാഗതയായപ്പോൾ അവരോടു ചോദിച്ചു: ഈ വിധം തന്നെയോ ഭവതിയുടെ സിംഹാസനം? അവൾ പറഞ്ഞു; ഇത് അതു തന്നെയാണെന്നോണമുണ്ടല്ലോ! ഈ അത്ഭുതം കാണുന്നതിനു മുമ്പേ ഞങ്ങൾക്ക് അങ്ങയെക്കുറിച്ച് അറിവ് ലഭിച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ അങ്ങയുടെ ആജ്ഞാനുവർത്തികളായി വന്നിരിക്കുകയാണ്.

**41,42**

قَالَ = അവൻ പറഞ്ഞു (സുലൈമാൻ സേവകരോടു കൽപിച്ചു)
نَكِّرُوا لَهَا = അവൾക്ക് (രാജ്ഞിക്ക്) പ്രച്ഛന്നമാക്കിവെക്കുക عَرْشَهَا = അവരുടെ സിംഹാസനം
نَنظُرْ = നമുക്കു നോക്കാം أَتَهْتَدِي = അവർ (അതു തിരിച്ചറിയുമോ) സന്മാർഗം പ്രാപിക്കുമോ
أَمْ تَكُونُ مِنَ الَّذِينَ لَا يَهْتَدُونَ = അതോ സന്മാർഗം പ്രാപിക്കാ(തിരിച്ചറിയാ)ത്തവരുടെ കൂട്ടത്തിലാകുമോ (എന്ന്)
قَالَتْ = അവൾ പറഞ്ഞു فَلَمَّا جَاءَتْ = അവൾ (രാജ്ഞി) സമാഗതയായപ്പോൾ قِيلَ = പറയപ്പെട്ടു (അവരോട് ചോദിച്ചു)

أَهَٰكَذَا = ഈ വിധം തന്നെയോ عَرْشُكِ = നിന്റെ (ഭവതിയുടെ) സിംഹാസനം
كَأَنَّهُ هُوَ = ഇത് അതുതന്നെ എന്നോണമുണ്ട്(ല്ലോ) وَأُوتِينَا = ഞങ്ങൾ നൽകപ്പെട്ടിരുന്നു (ൾക്കു ലഭിച്ചിരുന്നു)
الْعِلْمَ = അറിവ് مِن قَبْلِهَا = ഇ(ഈ അത്ഭുതം കാണുന്ന)തിനു മുമ്പേ
وَكُنَّا مُسْلِمِينَ = ഞങ്ങൾ വിധേയർ, സമർപ്പിതർ ആയിരിക്കുന്നു (ആജ്ഞാനുവർത്തികളായി വന്നിരിക്കുന്നു)

സുലൈമാൻ നബി രാജ്ഞിയുടെ സിംഹാസനം കൊണ്ടുവരാനാവശ്യപ്പെട്ടത് സിംഹാസനത്തോടുള്ള താൽപര്യം കൊണ്ടായിരുന്നില്ല. സത്യജ്ഞാനത്തിന്റെ ശക്തിപ്രഭാവം രാജ്ഞിക്കും പരിവാരങ്ങൾക്കും കാണിച്ചുകൊടുക്കുകയായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. സിംഹാസനം അധികാരത്തിന്റെ ചിഹ്നമാണല്ലോ. രാജ്ഞി കൊട്ടാരത്തിൽ സൂക്ഷിച്ചുപോന്ന സിംഹാസനം അവരെത്തും മുമ്പെ ജറൂസലമിലെത്തിയത് അവരെ രണ്ടു കാര്യങ്ങൾ ബോധ്യപ്പെടുത്തും: ഒന്ന്, സുലൈമാൻ(അ) അല്ലാഹുവിന്റെ സവിശേഷ അനുഗ്രഹഭാജനമായ പ്രവാചകനാണെന്ന സത്യം. രണ്ട്, അവരുടെ അധികാരം പിടിച്ചെടുക്കുക അദ്ദേഹത്തിന് വളരെ എളുപ്പമാണ്. ഇതോടൊപ്പം രാജ്ഞിയുടെ തിരിച്ചറിവിനെ ഒന്നു പരീക്ഷിക്കാനും അദ്ദേഹം തീരുമാനിച്ചു. അതിനുവേണ്ടി രാജ്ഞി എത്തും മുമ്പ് ആ സിംഹാസനത്തിൽ ചില മാറ്റങ്ങൾ വരുത്താൻ സേവകരോടു കൽപിച്ചു. نَكِّرُوا എന്ന മൂലപദത്തിന് പ്രഛന്നമാക്കുക, രൂപാന്തരപ്പെടുത്തുക, അപരിചിതമാക്കുക എന്നൊക്കെയാണ് അർഥം. نَكِرَة എന്ന മൂലപദത്തിൽനിന്നുള്ള ക്രിയയാണിത്. അനിർണിതവും സാമാന്യവുമാണ് നകിറഃ. വ്യാകരണത്തിൽ സാമാന്യനാമം نَكِرَة - ആണ്. നിഷേധത്തിനും വിസമ്മതത്തിനും انكار എന്നു പറയും. نَنظُرْ أَتَهْتَدِي أَمْ تَكُونُ مِنَ الَّذِينَ لَا يَهْتَدُونَ -ന്റെ പദാനുപദ തർജമ 'നാം നോക്കട്ടെ, അവൾ സന്മാർഗം പ്രാപിക്കുമോ, അല്ല സന്മാർഗം പ്രാപിക്കാത്തവരിൽപെട്ടവളാകുമോ എന്ന്' എന്നാണ്. സിംഹാസനത്തിലെ വ്യത്യാസം മനസ്സിലാക്കാതെ ഒറ്റനോട്ടത്തിൽ ഇതു തന്റെ സിംഹാസനം തന്നെ എന്നോ, വ്യത്യാസങ്ങൾ മാത്രം പരിഗണിച്ച് ഇതു തന്റേതല്ല എന്നോ ഉറപ്പിച്ചു പറയുമോ എന്നു പരീക്ഷിക്കുകയാണദ്ദേഹം. സാദൃശ്യങ്ങളും വ്യത്യാസങ്ങളും ഒരുപോലെ പരിഗണിച്ച് സിംഹാസനം തന്റേതായിരിക്കാനും അല്ലാതിരിക്കാനുമുള്ള സാധ്യത അംഗീകരിക്കുന്നതാണ് ശരിയും ബുദ്ധിപൂർവകവുമായ സമീപനം. അതാണ് ഇഹ്തിദാഅ്. ഈ സമീപനം വെടിഞ്ഞ് ഏതെങ്കിലും ഒരു സാധ്യതയെ വിശ്വാസമാക്കി ഉറപ്പിക്കുന്ന രീതി സ്വീകരിക്കുന്നവരാണ് ഏറെയും. ആത്മീയ കാര്യങ്ങളിൽ ഈ രീതിയവലംബിച്ച് സന്മാർഗത്തിൽനിന്ന് വ്യതിചലിച്ചവരാണ് സബഅ് രാജ്ഞിയുടെ ജനത. ഈ പൊതുസ്വഭാവത്തിൽ നിന്ന് അവർ മുക്തയാകുമോ എന്നാണ് സുലൈമാൻ നബി പരിശോധിക്കുന്നത്. അതാണ് اتعرفها ام لا نعرفها - അവർ തിരിച്ചറിയുമോ ഇല്ലേ- എന്നു പറയുന്നതിനു പകരം أَتَهْتَدِي أَمْ تَكُونُ مِنَ الَّذِينَ لَا يَهْتَدُونَ എന്നു പറഞ്ഞതിന്റെ താൽപര്യം.

ബിൽഖീസ് രാജ്ഞി പരിവാരസമേതം ജറൂസലമിൽ സുലൈമാൻ നബിയുടെ കൊട്ടാരത്തിൽ ആഗതയായപ്പോൾ ആ സിംഹാസനം കാണിച്ചുകൊടുത്തുകൊണ്ട് അവരോടു ചോദിച്ചു: 'ഭവതിയുടെ സിംഹാസനം ഈ സിംഹാസനം പോലെയാണോ അതോ അത് മറ്റൊരു രൂപത്തിലാണോ?' സിംഹാസനം കണ്ട് രാജ്ഞി അമ്പരന്നു. തന്റെ സിംഹാസനവുമായി അതിനുള്ള സമാനത അതു തന്നെയാണിതെന്നു തോന്നിക്കുന്നു. രണ്ടും തമ്മിലുള്ള വ്യത്യാസങ്ങൾ ഇത് അതല്ല എന്നും. ബുദ്ധിമതിയായ രാജ്ഞിയുടെ മറുപടി വളരെ തന്ത്രപരമായിരുന്നു: 'ഇത് അതുതന്നെയാണെന്നോണമുണ്ട്.' ഒപ്പം അവർ ഇപ്രകാരം തുറന്നു സമ്മതിക്കുകയും ചെയ്തു: 'അങ്ങയുടെ മഹത്വത്തെയും കഴിവിനെയും കുറിച്ച് ഞങ്ങൾ മുന്നാലേ അറിഞ്ഞിട്ടുള്ളതാണ്. ആ അറിവിന്റെ സ്വാധീനത്താൽ ഞങ്ങൾ മുസ്‌ലിംകൾ ആയിരിക്കുന്നു, അഥവാ അങ്ങയുടെ മഹത്വവും മേൽക്കോയ്മയും അംഗീകരിച്ചിരിക്കുന്നു'.

وَأُوتِينَا......مُسْلِمِينَ എന്ന വാക്യം ബിൽഖീസ് രാജ്ഞിയുടേതല്ല, മറിച്ച് സുലൈമാൻ നബിയുടെയോ അദ്ദേഹത്തിന്റെ ശിഷ്യന്മാരുടേതോ ആണ് എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. താബിഈ പണ്ഡിതനായ മുജാഹിദ് അക്കൂട്ടത്തിൽപെടുന്നു. പ്രമുഖ മുഫസ്സിർ ഇബ്നുകസീർ പറഞ്ഞു: ശേഷം പറയുന്നതുപോലെ, രാജ്ഞി സ്വീകരണ മണ്ഡപത്തിൽ പ്രവേശിച്ച ശേഷമാണ് ഇസ്‌ലാം സ്വീകരിച്ചതായി പ്രസ്താവിച്ചത് എന്ന വസ്തുത മുജാഹിദിന്റെ വീക്ഷണത്തെ ബലപ്പെടുത്തുന്നുണ്ട്. وَكُنَّا مُسْلِمِينَ എന്നു പറഞ്ഞത് ഞങ്ങൾ ആജ്ഞാനുവർത്തികളായി വന്നിരിക്കുന്നു, അല്ലെങ്കിൽ മഹത്വവും മേൽക്കോയ്മയും അംഗീകരിച്ചിരിക്കുന്നു എന്ന അർഥത്തിൽ എടുക്കുമ്പോൾ ഈ വ്യാഖ്യാനം അപ്രസക്തമാകുന്നു.

മരംകൊത്തി കത്തു കൊടുത്ത അന്നുതന്നെ രാജ്ഞി സമ്മാനവുമായി ജറൂസലമിലേക്ക് ദൂതന്മാരെ അയക്കുകയും പിറ്റേന്ന് അവർ തിരിച്ചുവന്ന് ദൗത്യത്തിന്റെ പരാജയമറിയിക്കുകയും ഉടനെ രാജ്ഞിയും പരിവാരങ്ങളും സുലൈമാൻ നബിക്ക് കീഴടങ്ങാൻ പുറപ്പെടുകയുമല്ല ഉണ്ടായതെന്ന് വ്യക്തമാണ്. ഈ സംഭവങ്ങൾക്കിടയിൽ അനേക ദിവസങ്ങളല്ല ഒരുപക്ഷേ, മാസങ്ങൾ തന്നെ കടന്നുപോയിരിക്കും. അതിനിടയിൽ രാജ്ഞിയും രാജസഭയും സുലൈമാൻ നബിയെ കുറിച്ചു ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുറേനാൾ ആലോചിച്ച ശേഷമാണവർ സുലൈമാൻ നബിയുടെ അധികാര വ്യവസ്ഥക്ക് വിധേയപ്പെടാൻ തീരുമാനിക്കുന്നത്. സുലൈമാൻ നബിയുടെ അറിവും കഴിവും നന്നായി ബോധ്യപ്പെട്ട രാജ്ഞി അദ്ദേഹത്തിന്റെ മുമ്പിലെത്തുന്നതിനു മുമ്പു തന്നെ മനസ്സുകൊണ്ട് അദ്ദേഹത്തിനു വിധേയപ്പെട്ടുകഴിഞ്ഞിരുന്നു. അതേപ്പറ്റിയാണ് وَأُوتِينَا الْعِلْمَ مِن قَبْلِهَا وَكُنَّا مُسْلِمِينَ എന്നു പറയുന്നത്. ■